അഗസ്ത്യ മലയിലെ പുൽമേടുകൾ

264 [291] ശ്രീ. കെ. വി. സുരേന്ദ്രനാഥ്:
,, കെ. ടി. കുമാരൻ:
,, കെ. ആർ. ചന്ദ്രമോഹനൻ:
,, എം. കെ. കേശവൻ:

ഡോക്ടർ എ. സുബ്ബറാവു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ പാലോട് റേഞ്ചിൽപ്പെട്ട അഗസ്ത്യ മലയിലെ വിസ്തൃതമായ പുൽമേടുകൾ യൂക്കാലി നടുവാൻവേണ്ടി വെട്ടി നശിപ്പിച്ചതു കാരണം അവിടെയുള്ള കാട്ടുപോത്ത്, ആന തുടങ്ങിയ വന്യമൃഗങ്ങൾക്ക് തീറ്റി ഇല്ലാതായിരിക്കുന്നതായുള്ള പരാതി ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ പരാതി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ മുഖ്യ വനപാലകനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

നിർദ്ദിഷ്ട സ്പോർട്സ് കോംപ്ലക്സ്

265 [292] ശ്രീ. എം. എം. ഹസ്സൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട സ്പോർട്സ് കോംപ്ലക്സിനുവേണ്ടി കേരള യൂണിവേഴ്സിറ്റിയുടെ കാര്യവട്ടത്തുള്ള സ്ഥലം ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) അതിൻമേൽ യൂണിവേഴ്സിറ്റി എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മാർക്കറ്റു വിലകൊടുത്താൽ സ്ഥലം വിട്ടുതരാമെന്ന് യൂണിവേഴ്സിറ്റി സമ്മതിച്ചിട്ടുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

II. അടിയന്തിരപ്രമേയം

കയർത്തൊഴിലാളികളുടെ ബുദ്ധിമുട്ടുകൾ.

9 30 A.M] മീ. സ്പീക്കർ: കേരളത്തിലെ അഞ്ചുലക്ഷത്തിൽപ്പരം വരുന്ന കയർത്തൊഴിലാളികൾ തൊഴിലില്ലായ്മയും പട്ടിണിയും നേരിട്ടുകൊണ്ടിരിക്കുന്നതിൽനിന്നും ഉളവായ

LIBRARY ARCHIVES Kerala Legislative Assembly

തായി പറയപ്പെടുന്ന ഗുരുതരാവസ്ഥയെപ്പറ്റി ചർച്ച ചെയ്യുന്നതിന് ഇന്നത്തെ സഭാ നടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ വി. കെ. രാജൻ, എം. കെ. കേശവൻ, എ. കെ. ശശീന്ദ്രൻ, എ. വി. താമരാക്ഷൻ, ടി. കെ. അബ്ദു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മെമ്പർ ശ്രീ. വി. കെ. രാജൻ കയർതൊഴിലാളികളുടെ പ്രശ്നങ്ങളെ സംബന്ധിച്ച് ഒരു ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിക്കുകയുണ്ടായി. അതിന് മറുപടി പറഞ്ഞപ്പോൾ ഞാൻ കയർ ഫെഡറേഷൻ, സഹകരണസംഘങ്ങളിൽ നിന്ന് വാങ്ങിയ കയറിനുള്ള തുക കൊടുക്കുവാനും പുതിയ കയർ വാങ്ങുന്നതിനുള്ള സാമ്പത്തിക വിഷമതകളും ചൂണ്ടിക്കാണിക്കുകയുണ്ടായി. പൊതുവിപണിയിൽ കയറിന്റെ വില കുറയുകയും അതേ അവസരം കയർ ഫെഡറേഷൻ വില കുറയ്ക്കാതിരിക്കുകയും ചെയ്യുന്ന സ്ഥിതിയും 50 രൂപ മുതൽ 100 രൂപ വരെ ഇന്ന് വില വ്യത്യാസം ഉള്ളതിന്റെ അടിസ്ഥാന പരിതസ്ഥിതിയിലുമാണ് ഈ വിഷമതകൾ ഉണ്ടായത്. അന്ന് ഈ സഭയിൽ നൽകിയ ഉറപ്പിന്റെ വെളിച്ചത്തിൽ കയർ ഫെഡറേഷന് 50 ലക്ഷം രൂപ മാർജിൻ മണിയായി നൽകുവാനും 150 ലക്ഷം രൂപ ബാങ്കിൽ നിന്ന് എടുക്കാനുള്ള ഗ്യാരൻറി നൽകാനുമുള്ള നടപടികൾ ചെയ്തുവരികയാണ്. ഏതാണ്ട് ഇന്നോ നാളെയോ അത് അവർക്ക് ലഭ്യമാക്കുന്നതാണ്. ഇതിനും പുറമേ കയർ ഫെഡറേഷന് 'നബാർഡ്' അനുവദിച്ച ക്യാഷ് ക്രെഡിറ്റിന്റെ പരിധി 210 ലക്ഷം രൂപയിൽ നിന്ന് 318 ലക്ഷം രൂപയായി ഉയർത്തുവാനും ശുപാർശ ചെയ്യുന്നുമുണ്ട്. മാത്രമല്ല കയർ ഫെഡറേഷന് കേരളാ സ്റ്റേറ്റ് സഹകരണ ബാങ്കിന്റെ സ്വന്തം ഫണ്ടിൽനിന്ന് 294.50 ലക്ഷം രൂപ വായ്പ കൊടുക്കുന്നതിന് സർക്കാർ ഗ്യാരൻറി നൽകിയിട്ടുമുണ്ട്. അങ്ങനെ ഈ രംഗത്ത് സഹകരണ മേഖലയിലുള്ള തൊഴിലാളികളുടെ പ്രയാസങ്ങളും വിഷമതകളും പരിഹരിക്കുന്നതിനായി ഗവൺമെൻറ് തക്കതായ നടപടികൾ എടുത്തിട്ടുണ്ട്. മറ്റു ക്ഷേമ പദ്ധതികളെ സംബന്ധിച്ച് ഗവൺമെൻറ് തന്നെ ചില നടപടികൾ എടുത്തിട്ടുണ്ട്. അതുകൊണ്ട് കയർത്തൊഴിലാളികളുടെ പ്രശ്നങ്ങളിൽ അപ്പപ്പോൾത്തന്നെ ഗവൺമെൻറ് തക്കതായ നടപടികൾ എടുത്തിട്ടുണ്ട്. നിലവിലുള്ള പ്രശ്നങ്ങൾ ഗവൺമെൻറിന്റെ സജീവമായ പരിഗണനയിലുണ്ട്. അതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു പ്രശ്നമല്ല ഇതെന്ന് ഞാൻ അറിയിക്കുകയാണ്.

ശ്രീ. വി. കെ. രാജൻ: സർ, ഇവിടെ ബഹുമാനപ്പെട്ടമന്ത്രി കയർ കൊടുത്തതിന് വില കിട്ടേണ്ട ഒരു കാര്യത്തെപ്പറ്റി മാത്രമാണ് പറഞ്ഞത്. എന്നാൽ കേരളത്തിലെ കയർ വ്യവസായം അതീവ ഗുരുതരമായ പ്രതിസന്ധിയിലാണ്. കഴിഞ്ഞ മൂന്നു വർഷക്കാലത്തിനുമുമ്പ് ഇന്ന് വന്നതുപോലെ കേരളത്തിൽ രൂപംകൊണ്ട എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും നേതൃത്വത്തിലുള്ള ട്രേഡ് യൂണിയൻ സംഘടനകൾ ഇവിടെ നിവേദനം നടത്താൻ വന്നത് ശ്രീ. തച്ചടിപ്രഭാകരന്റെ നേതൃത്വത്തിലാണ്. കഴിഞ്ഞ മൂന്നു വർഷത്തിനുമുമ്പ് കയർ വ്യവസായത്തെ ബാധിക്കുന്ന ഗുരുതരമായ കാര്യങ്ങളെ സംബന്ധിച്ച് അന്ന് കൊടുത്ത മെമ്മോറാണ്ടത്തെപ്പറ്റി യാതൊരു നടപടിയും ഈ ഗവൺമെൻറ് എടുത്തിട്ടില്ല. അത് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. കേരള

LIBRARY ARCHIVES Kerala Legislative Assembly

ത്തിലെ കയർ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ശ്രീ. ടി. വി. തോമസ് ആവിഷ്കരിച്ച് നടപ്പിലാക്കിയ ടി. വി. പദ്ധതി എന്നറിയപ്പെടുന്ന കയർ വ്യവസായപുനഃസംഘടനപദ്ധതി കയർതൊഴിലാളികളുടെ ഒരു മാഗ്നാക്കാർട്ടയായിരുന്നു. എന്നാൽ അതിനെ തുരങ്കംവയ്ക്കുന്ന നടപടിയാണ് ഈ ഗവൺമെന്റ് സ്വീകരിച്ചത്. ഇപ്പോഴത്തെ അവസാനമായി ഈ വ്യവസായത്തിന് തൊണ്ടു തന്നെ ലഭിക്കുന്നില്ല. ഗവൺമെന്റ് നിശ്ചയിക്കുന്ന വിലയ്ക്കു ഇപ്പോഴത്തെ തൊണ്ട് ലഭ്യമാകുന്നില്ല. അതിന്റെ മൂന്നിരട്ടി കൊടുത്താൽപ്പോലും കിട്ടുന്നില്ല. അങ്ങനെയാണ് 80 കോടി തൊണ്ടിനു പകരമായി 10 കോടി തൊണ്ട് നമുക്ക് സംഭരിക്കാൻ കഴിഞ്ഞത്. ഇത് കഴിഞ്ഞ ദിവസവും മന്ത്രി പറഞ്ഞതാണ്. ഇന്ന് തൊണ്ട് നിയന്ത്രണ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളും നിർത്താൻ തീരുമാനിച്ചിരിക്കുന്നു. ഞാൻ കഴിഞ്ഞ ദിവസം സൂചിപ്പിച്ചപോലെ കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം ആരായാൻ വിട്ട ഒരുകാര്യത്തിൽ തൊണ്ടുനിയന്ത്രണ ഉത്തരവ് പിൻവലിച്ചുകൊണ്ട് റെറിംഗ് പോയിന്റിൽനിന്ന് തൊണ്ട് സംഭരിക്കണമെന്നാണ് ഈ ഗവൺമെന്റിന്റെ പ്രതിനിധികളും എഴുതികൊടുത്തത്. ഇവർ 1978-ൽ നിയോഗിക്കപ്പെട്ട ശ്രീനിവാസൻ കമ്മീഷന്റെ റിപ്പോർട്ട് പ്രകാരം നാലു കേന്ദ്രങ്ങളിൽനിന്ന് തൊണ്ട് സംഭരിക്കാൻ തീരുമാനിച്ചു. റെറിംഗ് പോയിന്റ്, കച്ചവടക്കാരിൽ നിന്ന്, പച്ചത്തൊണ്ട് കേന്ദ്രങ്ങളിൽനിന്ന്, അഴുക്കുതൊണ്ട് കേന്ദ്രങ്ങളിൽനിന്ന്, എന്നീ നാലു കേന്ദ്രങ്ങളിൽനിന്നാണ് തൊണ്ട് സംഭരിക്കുവാൻ തീരുമാനിച്ചത്. ഇപ്പോഴത്തെല്ലാം മാറി. റെറിംഗ് പോയിന്റ് എന്നു പറഞ്ഞാൽ മടൽ മൂടിയിട്ടിരിക്കുന്ന സ്ഥലമാണ്. അവിടെ നിന്ന് തൊണ്ട് എടുക്കുകയെന്നു പറഞ്ഞാൽ ഈ രാജ്യത്ത് തൊണ്ട് ലഭ്യമല്ല, അതിന്റെ ഫലമായി കേരളത്തിലെ അഞ്ചുലക്ഷത്തോളം വരുന്ന കയർത്തൊഴിലാളികളെ അരുപട്ടിണിയിലേക്കു വലിച്ചെറിയപ്പെടുന്ന ഒരു നയമാണ് ഈ കേരളാ ഗവൺമെന്റ് ആവിഷ്കരിക്കുന്നത്. ഈ തൊഴിലാളികളും എന്തു ചെയ്തു? അപ്പോഴും പറഞ്ഞു ഏതാനും പൈസ കൊടുക്കാമെന്ന്. ഞാൻ ചോദിക്കുന്നത്, കഴിഞ്ഞ നാലു കൊല്ലങ്ങളിലായി കേരളത്തിലെ കയർ വ്യവസായ മേഖലയിലെ പ്രതിസന്ധി നിയമസഭയിൽ സൂചിപ്പിച്ചപ്പോഴും നിങ്ങളും ഉറങ്ങിയിരിക്കുകയായിരുന്നോ? അതിനുമുമ്പ് കേരളത്തിലെ കയർ വ്യവസായതൊഴിലാളികളുടെ പ്രശ്നങ്ങളും നിങ്ങൾക്ക് അറിയില്ലായിരുന്നോ? ശ്രീ. കെ. എം. മാണി ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിൽ കയറിനും കയറുല്പന്നങ്ങൾക്കും സെയിൽസ് ടാക്സ് ഇല്ലായെന്നു പറഞ്ഞു. എന്നാൽ ഇവിടെ കയറിനുമാത്രം അത് ദശദാക്കി. നമ്മുടെ സംസ്ഥാനത്തെ കയറും കയറുല്പന്നങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ രണ്ടും 50 ശതമാനത്തിലെത്തുന്നു. കയറുല്പന്നങ്ങളുടെ മേലുള്ള സെയിൽസ് ടാക്സ് എടുത്തു കളയാൻ ഈ ഗവൺമെന്റ് തയ്യാറാകണമെന്ന് ഞാൻ ശ്രീ. തച്ചടി പ്രഭാകരനോട് ആവശ്യപ്പെടുകയാണ്. അദ്ദേഹം ഉൾപ്പെടെ നമ്മൾ കൊടുത്ത മെമ്മോറാണ്ടത്തിലെ ഒരാവശ്യമാണ്. ആ മെമ്മോറാണ്ടത്തിന്റെ ആവശ്യത്തെപ്പറ്റി നിങ്ങൾ ഒരക്ഷരംപോലും പറയുന്നില്ല. ഇപ്പോഴുള്ള വെൽഫെയർ സ്കീം അനുസരിച്ച് ഇപ്പോഴത്തെ എന്താണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്? ഒന്നും നടപ്പാക്കുന്നില്ല. കയർത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കുന്നില്ല. അടിയന്തിരാവശ്യങ്ങൾക്ക് നിസ്സാരമായ ഫണ്ടാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. കയർതൊഴിലാളികൾക്ക് പെൻഷൻ കൊടുക്കണം. കയർതൊഴിലാളികളുടെ ആരോഗ്യ സംരക്ഷണത്തിന്

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമായ സത്വര നടപടികളും ഗവൺമെൻറ് ആവിഷ്കരിക്കണം. ഈ വിഭാഗത്തിന് പ്രത്യേകമായി വേന നിർമ്മാണ പദ്ധതി ഗവൺമെൻറ് ആവിഷ്കരിക്കണം. അതിനെല്ലാമുപരി കശുവണ്ടി വ്യവസായം മറ്റു സംസ്ഥാനങ്ങളിലേക്ക് മാറുന്നതുപോലെ കയർ വ്യവസായത്തെയും മറ്റു സംസ്ഥാനങ്ങളിലേക്ക് മാറ്റിക്കൊണ്ടിരിക്കുകയാണ്. കർണ്ണാടകയിലും തമിഴ്നാട്ടിലും നമ്മൾ കടന്നുചെന്നാൽ അവിടെ കരിക്കിൻറെ തൊണ്ട് അടിച്ച് ചകിരിയാക്കി നമ്മുടെ കയർ വ്യവസായ മേഖലയിലേക്ക് കൊണ്ടുവരികയാണ്. അങ്ങനെ കയർ വ്യവസായത്തെ ഉൻമൂലനാശം ചെയ്യത്തക്ക രീതിയിലുള്ള ഒരു നടപടിയാണ്, പച്ച തൊണ്ട് അടിച്ച് ചകിരിയാക്കുന്നതുവഴി ചെയ്തുകൊണ്ടിരിക്കുന്നത്. അതിനെതിരായി ഒന്നും സംസാരിക്കുന്നില്ല. കേന്ദ്ര ഗവൺമെൻറ് അതിനെതിരായി ഒരക്ഷരവും പറയുന്നില്ല. അങ്ങനെ കേരളത്തിലെ അഞ്ചുലക്ഷത്തോളം വരുന്ന കയർത്തൊഴിലാളികളെ അറുപട്ടിണിയിലേക്ക് വലിച്ചിഴയ്ക്കുന്ന നടപടി ആണ് സ്വീകരിക്കുന്നത്. കേരളത്തിലെ കയർത്തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങളും നടത്താൻ വേണ്ടിയാണ് ഞാൻ ഇത് പറയുന്നത്. കേരളത്തിൽ അഞ്ചേയറവും മുതൽ ഇരുന്നേയറവും വരെയുള്ള കയർതൊഴിലാളികളും സഹകരണപ്രസ്ഥാനത്തിൻറെ സപ്തവർണ്ണക്കൊടിയുമായിട്ടാണ് കേരളാ സെക്രട്ടേറിയറ്റിനു മുമ്പിൽ വരുന്നത്. ശ്രീ. തച്ചടി പ്രഭാകരനും വ്യവസായവകുപ്പുമന്ത്രിയുമടക്കമുള്ള ആളുകളും അവിടെ വന്ന് ഏറ്റവും വലിയ പരമ്പരാഗത വ്യവസായത്തിൽ ഒന്നായ ഈ കയർ തൊഴിലാളികളെ കാണണമെന്നും അടിയന്തിര നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ശ്രീ. ഇ. അഹമ്മദ്: സർ, ബഹുമാനപ്പെട്ട മെമ്പർ കയർ വ്യവസായത്തിൻറെ കാര്യത്തിൽ ഗവൺമെൻറ് ശ്രദ്ധിക്കുന്നില്ലയെന്നു പറയുന്നത് ശരിയല്ല. ലെവി സമ്പ്രദായത്തെപ്പറ്റിയാണ് അദ്ദേഹം പറഞ്ഞത്. ഇന്ന് നിലവിലുള്ള ഹസ്ക് കൺട്രോൾ ഓർഡർ പ്രകാരമാണ് ഇപ്പോഴും ലെവി സംഭരിക്കുന്നത്. 1985 ജനുവരി 1-ാം തീയതി മുതൽ 1985 മേയ് 31 വരെ സംഭരിച്ചതിനെക്കാളും ഒട്ടും കുറയാതെതന്നെ ഇക്കൊല്ലവും ഹസ്ക് കളക്ഷൻ നടന്നിട്ടുണ്ട്. മറ്റൊന്ന് ലെവിയെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്. 1981 മുതൽ ഇതുസംബന്ധിച്ചുള്ള ചർച്ചകളും എഴുത്തുകുത്തുകളും നടന്നുവരികയാണ്. ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല, ഇന്ന് നിലവിലുള്ള സമ്പ്രദായം മാറണമെന്ന പ്രകടമായ അഭിപ്രായത്തിൻറെ വെളിച്ചത്തിൽ 1981-ലെ ഗവൺമെൻറാണ് ഈ റിപ്പോർട്ട് സംബന്ധിച്ച് പരീക്ഷണമെന്നുള്ള നിലയിൽ ലെവി വേണമെന്ന് പറഞ്ഞത്. പരീക്ഷണാർത്ഥം തന്നെയാണ് ഈ ലെവി നടപ്പിലാക്കിയത്. ഇത് നടപ്പിലാക്കികഴിഞ്ഞാൽ തന്നെ മുമ്മൂന്നു മാസം കൂടുമ്പോഴും അതിൻറെ പ്രവർത്തനങ്ങളും വിലയിരുത്തി ആവശ്യമായ മാറ്റങ്ങളും വരുത്താനുള്ള സംവിധാനങ്ങളും ഈ ഗവൺമെൻറ് ചെയ്യുന്നതാണ്. അതുകൊണ്ട് ലെവി സമ്പ്രദായമെന്നത് സഹകരണസംഘങ്ങൾക്ക് ഗുണമല്ലാതെ ദോഷമാണെന്നു തോന്നിയാൽ അത് മാറ്റുന്നതിനും യാതൊരു തടസ്സവുമില്ല.

മറ്റൊരു കാര്യം കയർ തൊഴിലാളികളെ അവതരിപ്പിച്ച് ഗവൺമെൻറിൻറെ മുമ്പിൽ വന്നത്, തൊണ്ടുതല്ല്യന്ത്രത്തെ സംബന്ധിച്ചാണ്. തൊണ്ടുതല്ലാൻ ആളെ കിട്ടാത്ത പ്രദേശങ്ങളും കാസർകോട്, കണ്ണൂർ, അതുപോലെ ഇടുക്കി, വയനാട്, പാലക്കാട് മലയോര പ്രദേശങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

ഇവയൊക്കെയാണ്. കയർ അഡ്വൈസറി ബോർഡിലും കയർബോർഡിലും സി. പി. ഐ. നേതാവായ ശ്രീ. ചന്ദ്രസേനൻ കല്ലു തൊണ്ട് അല്ലെങ്കിൽ ഒണക്കത്തൊണ്ട് തല്ലാനുള്ള യന്ത്രങ്ങൾ അമ്പലപ്പുഴ താലൂക്കിൽ തന്നെ വേണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് തൊണ്ട് തല്ലിയന്ത്രത്തെ സംബന്ധിച്ച് ഗവൺമെന്റിനു ഒട്ടേറെ പരാതികളും ഉയർന്നുവരികയാണ്. പ്രതിപക്ഷത്തുള്ള ആളുകളും തന്നെ അത് വേണമെന്നു പറഞ്ഞു. അതേയവസരം, ഇന്ന് ആലപ്പുഴ താലൂക്കിലെ ചില ഭാഗങ്ങളിൽ ചിലർ clandestine ആയി നടത്തുന്നുണ്ട്. അതിനു ഗവൺമെന്റ് നടപടിയെടുക്കുന്നുണ്ട്. അതിനു നടപടിയെടുക്കുമ്പോൾ അത് പാടില്ലായെന്ന് ദയവു ചെയ്ത് ആ ഭാഗത്തുള്ളവർ പറയരുതെന്ന് വിനയപൂർവ്വം ഞാൻ അപേക്ഷിക്കുകയാണ്. അത് ആരാണെന്ന് മനസ്സിലാക്കിയാൽ മാത്രം മതി.

ആറാം പഞ്ചവൽസര പദ്ധതിയിൽ കയർ വ്യവസായ വികസനത്തിനു ഉൾപ്പെടുത്തിയത് എട്ടു കോടി രൂപയായിരുന്നു. ഈ ഗവൺമെന്റ് അതിനായി 16 കോടി രൂപ ചെലവഴിച്ചു. 1973–നുശേഷം ആദ്യമായി കേന്ദ്ര സഹായം ലഭ്യമാക്കി. 1982–83 മുതൽ 1985–86 വരെ കേന്ദ്ര സഹായം 323.58 ലക്ഷം രൂപ കേന്ദ്രത്തിൽ നിന്ന് ലഭിച്ചു. 1982–ൽ 452 കയർ സഹകരണസംഘങ്ങൾ ഉണ്ടായിരുന്നത് 1986–ൽ 60 ശതമാനം കയർത്തൊഴിലാളികളെ കൊണ്ടുവന്നുകൊണ്ട് 639 സൊസൈറ്റികളായി വർദ്ധിപ്പിച്ചു. അങ്ങനെ സഹകരണ മേഖലയെ വിപുലപ്പെടുത്തി. ആദ്യമായി ചെറുകിട കയർ ഉല്പാദകരുടെ ആറു സഹകരണ സംഘങ്ങൾ ഈ ഗവൺമെന്റ് രൂപീകരിച്ചു. 1982–ൽ സഹകരണ മേഖലയിൽ 2.17 ലക്ഷം തൊഴിലാളികൾ അംഗമായിരുന്നത് 1986 ൽ അത് 2.51ലക്ഷമാക്കി വർദ്ധിപ്പിച്ചു. മുപ്പത്തിനാലായിരം തൊഴിലാളികളെകൂടി സഹകരണ മേഖലയിൽ കൊണ്ടുവന്നു. 1982-ൽ 20 കയർ വില്പനശാലകൾ കയർ ഫെഡറേഷന് ഉണ്ടായിരുന്നത് ഗവൺമെന്റ് സഹായത്തോടുകൂടി മുപ്പത്തിയഞ്ചായി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു.

സർ, സഹകരണമേഖലയിൽ 42 വിൽപ്പനശാലകളും കയർ കോർപ്പറേഷന്റെ കീഴിൽ 12 വിൽപ്പനശാലകളും ഈ ഗവൺമെന്റിന്റെ കാലത്തുണ്ടായി. സഹകരണമേഖലയിലെ തൊഴിലാളികൾക്ക് 25 ശതമാനം മുതൽ 100 ശതമാനം വരെ കൂലി വർദ്ധനവ് 1982 മുതൽ 1986 വരെയുള്ള കാലഘട്ടത്തിലുണ്ടായി. വൈക്കം മേഖലയിൽ തല്ലുകൂലി ആയിരത്തിന് അൻപത്തിയഞ്ച് രൂപ എന്നതു 100 രൂപയായും പിരിപ്പിന് 77രൂപ എന്നത് 115 രൂപയായും വർദ്ധിപ്പിച്ചത് ഈ കാലയളവിലാണ്. ഏറ്റവുംകുറഞ്ഞ കൂലി കറക്കിന് 4 രൂപഎന്നത് 9 രൂപയായി ഈ ഗവൺമെന്റിന്റെ കാലത്ത് വർദ്ധിപ്പിച്ചു. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി 1984–85 കാലത്തിലാണ് കയർ ഉൽപ്പന്നങ്ങൾക്കു റിബേറ്റ് നൽകിയെന്നുള്ള കാര്യം ഞാൻ ഇവിടെ അനുസ്മരിപ്പിച്ചുകൊള്ളട്ടെ. പ്രോസസ്സിംഗ് യൂണിറ്റുകൾക്ക് ധനസഹായം സഹകരണവൽക്കരണപദ്ധതി, നഷ്ടം നികത്താനുള്ള ഗ്രാന്റ് കയർ ഡവലപ്പ്മെന്റ് നടപ്പാക്കാനുള്ള നിർദ്ദേശം തുടങ്ങിയ പല പുതിയ പദ്ധതികളും ഈ ഗവൺമെന്റ് നടപ്പിലാക്കി. അതു മാത്രമല്ല ക്ഷേമപദ്ധതികളെക്കുറിച്ച് ഇവിടെ പറഞ്ഞു. ക്ഷേമപദ്ധതികൾ നടപ്പിലാക്കാൻവേണ്ടി ഗവൺമെന്റ് നടപടി എടുക്കുകയും, അതു മുന്നോട്ടുകൊണ്ടുപോവുകയുമാണ്. ഇത്രയൊക്കെ ചെയ്തിട്ടും ഈ ഗവൺമെന്റിനു എതിരായി കുറ്റാരോപണം ഉന്നയിക്കാൻ ഈ അവസരം ഉപയോഗിച്ചത് ശരിയായില്ല. എല്ലാകൊല്ലവും

LIBRARY ARCHIVES Kerala Legislative Assembly

കയർരംഗത്ത് സമരം ഉണ്ടായിട്ടുണ്ട്, അടുത്തകൊല്ലവും ഉണ്ടാകും. ഈ കൊല്ലവും ഉണ്ടാകും, കഴിഞ്ഞ കൊല്ലവും ഉണ്ടായിരുന്നു. എല്ലാ നല്ല നടപടികളും എടുത്തപ്പോഴും സമരം ഉണ്ടായിട്ടുണ്ട്. ഈ പ്രാവശ്യവും സമരം നടത്തുകയാണ്. ഞാൻ സമരത്തിന് എതിരല്ല. ഗവൺമെൻറിനെ കുറ്റപ്പെടുത്തുന്നതിന് യാതൊരു നീതികരണവുമില്ല. പ്രശ്നങ്ങൾ തക്കസമയത്ത് പരിഹാരിക്കാനുള്ള നടപടിയെടുത്തുകൊണ്ടാണ് ഇവിടെ ചർച്ച ചെയ്യേണ്ടതില്ലെന്ന് പറഞ്ഞത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട വ്യവസായവകുപ്പു മന്ത്രിയുടെ വിശദീകരണത്തിൻെറ വെളിച്ചത്തിൽ അടിയന്തിര പ്രമേയത്തിനു അനുമതി നിഷേധിക്കുന്നു.

III. ശ്രദ്ധ ക്ഷണിക്കൽ

(1) കിള്ളിപ്പാലം, കരമനപ്പാലം എന്നിവയ്ക്കും അവയെ ബന്ധിപ്പിക്കുന്ന റോഡിനും വീതി കൂട്ടണമെന്ന ആവശ്യം

ശ്രീ. വി. ജെ. തങ്കപ്പൻ: സർ, ഡെപ്യൂട്ടി ചീഫ് മിനിസ്റ്ററുടെ ശ്രദ്ധ രണ്ടാമത്തെ തവണയാണ് ഈ കാര്യത്തിലേക്ക് ക്ഷണിക്കുന്നത്. കഴിഞ്ഞവർഷം ഇതേ പിരിയേഡിൽ, ഈ കാര്യത്തെ സംബന്ധിച്ച് ഇവിടെ ഡെപ്യൂട്ടി ചീഫ് മിനിസ്റ്ററുടെ ശ്രദ്ധ ക്ഷണിച്ചിരുന്നു. 49 ലക്ഷം രൂപ ഈ പദ്ധതിക്കുണ്ടെന്നും അത് അടിയന്തിരമായി നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുമെന്നും അന്ന് അദ്ദേഹം പറഞ്ഞിരുന്നു. അതുമാത്രമല്ല 49 ലക്ഷം രൂപയുടെ ഈ പദ്ധതി കിള്ളിപ്പാലം മുതൽ 400 മീറ്റർ ദൂരം മാത്രം വീതി കൂട്ടുന്നതിനുള്ള പദ്ധതിയാണെന്നും അന്ന് അദ്ദേഹം പറഞ്ഞു. അദ്ദേഹത്തെ ഉദ്യോഗസ്ഥൻമാർ തെറ്റിദ്ധരിപ്പിച്ചതുകൊണ്ട് പറഞ്ഞതാണ്. തിരുവനന്തപുരം പട്ടണത്തിന്, തെക്ക് കുറേ സ്ഥലമുണ്ടെന്നും അവിടെ 8-10 ലക്ഷത്തോളം ആളുകൾ താമസിക്കുന്നുണ്ടെന്നുമുള്ള വിവരം ഡെപ്യൂട്ടി ചീഫ് മിനിസ്റ്റർ ഓർമ്മിക്കണം. അവിടെ നിന്നുള്ള പ്രധാനമാർഗ്ഗം, നാഷണൽ ഹൈവേയുടെ ഭാഗമായ കിള്ളിപ്പാലം മുതൽ കരമനപ്പാലം വരെയുള്ള ഭാഗമാണ്. പണ്ട് ഏതോ ഒരു രാജാവിൻെറ കാലത്താണ് കിള്ളിപ്പാലവും കരമനപ്പാലവും പണിതത്. ഈ രണ്ടു പാലങ്ങളും വീതികുറവാണ്. അതുപോലെതന്നെ രണ്ടു പാലങ്ങളും കണക്റ്റ് ചെയ്തു വരുന്ന 1550 മീറ്റർ ദൂരം വരുന്ന റോഡിന് 8 മുതൽ 10 മീറ്റർ വരെ മാത്രമേ വീതിയുള്ളൂ. വളവും തിരിവുകളുമുള്ള റോഡാണ് ഇത്. ഈ റോഡിൽകൂടി നിമിഷംപ്രതി വാഹനങ്ങൾ അങ്ങോട്ടുമിങ്ങോട്ടും പോകുന്നുണ്ട്. തമിഴ്നാട്ടിൽനിന്നും തിരുവനന്തപുരത്തേക്കും തിരുവനന്തപുരത്തുനിന്ന് തമിഴ്നാട്ടിലേക്കും ഉള്ള വാഹനങ്ങൾ അതിലൂടെയാണ് പോകുന്നത്. അങ്ങനെ 10,000 കണക്കിന് വാഹനങ്ങൾ അങ്ങോട്ടുമിങ്ങോട്ടും പോകുന്ന വളരെ വീതികുറഞ്ഞ കൺജസ്റ്റഡ് ആയ റോഡാണ് നാഷണൽഹൈവേ. 47ൻെറ ഭാഗമായ ഈ 1550 മീറ്റർ സ്ഥലം. ഈ സ്ഥലം വീതി കൂട്ടിയാൽ മാത്രമേ തിരുവനന്തപുരം പട്ടണത്തിലേക്ക് തെക്കുഭാഗത്തുനിന്ന് ആളുകൾക്കും വാഹനങ്ങൾക്കും മറ്റും സൗകര്യപ്രദമായി വരാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly